NREGA/1954/2023-C3

285851/2023/C NREGS

I/103090/2023

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline), ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala2023@gmail.com

തിയതി : 13-12-2023

പ്രേഷകൻ

മിഷൻ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും

സർ/മാഡം,

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - പ്രവൃത്തികൾ നിരീക്ഷിക്കുന്നതിനു ഡ്രോൺ ഉപയോഗിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ - സ്പഷ്ടീകരണം നൽകുന്നത് – സംബന്ധിച്ച്.

സൂചന: 1. 05.08.2023 ലെ ഈ ഓഫീസിലെ ഇതേ നമ്പർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങളിലുള്ള നിരീക്ഷണവും വിലയിരുത്തലും ഡ്രോൺ സംവിധാനം ഉപയോഗിച്ച് നിർവ്വഹിക്കുന്നതിനുള്ള കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ നിർദേശവും, ആയത് സംബന്ധിച്ച Standard Operating Procedure (SOP) യും സൂചന പ്രകാരം ഈ ഓഫീസിൽ നിന്നും ജില്ലകൾക്ക് നൽകിയിരുന്നു. പ്രസ്തുത SoP സംബന്ധിച്ച് ചില ജില്ലകൾ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ചുവടെയുള്ള അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- ഡ്രോൺ സംവിധാനം ഏർപ്പെടുത്തുന്നതിനായി മേൽ സൂചിപ്പിച്ച SoP പ്രകാരമുള്ള അംഗീകൃത ലൈസൻസ് കൈവശമുള്ള വ്യക്തി/സ്ഥാപനത്തിൽ നിന്നും സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ടെണ്ടർ /ക്വട്ടേഷൻ ക്ഷണിക്കാവുന്നതും, ഒരു വർഷത്തേക്ക് കരാർ വയ്ക്കാവുന്നതുമാണ്.
- മണിക്കൂറിന് 2000/- രൂപ നിരക്കിൽ, മാസത്തിൽ പരമാവധി 20 മണിക്കൂർ ടി സംവിധാനം ഉപയോഗപ്പെടുത്തണമെന്നും കൂടാതെ ജില്ലയിൽ എല്ലാ പ്രദേശത്തും ഡ്രോൺ സംവിധാനം ഉപയോഗിക്കാൻ സന്നദ്ധരായിരിക്കണം എന്നുമുള്ള നിബന്ധനകൾ കരാറിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. ജില്ലയിൽ നിന്നും നിശ്ചയിച്ച് നൽകുന്ന പ്രവൃത്തി സ്ഥലത്തേക്ക് പ്രത്യേകം യാത്രാ ചെലവ് അനുവദിക്കുന്നതല്ല.
- ഓംബുഡ്സ്മാൻ ഓഫീസ് ന് ആവശ്യമുള്ള പക്ഷം മേൽ ഏജൻസിയെ ഇതേ നിരക്കിൽ ചുമതലപ്പെടുത്താവുന്നതാണ്.
- കേന്ദ്രസർക്കാരിന്റെ SOP യിൽ അനുവദിക്കപ്പെട്ടിരിക്കുന്ന തരം ഡ്രോണുകൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.
- ഡ്രോൺ പറത്തുന്നതുമായി ബന്ധപ്പെട്ട് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എല്ലാ നിബന്ധനകളും കർശനമായി പാലിക്കേണ്ടതാണ്.
- ഡ്രോൺ സംവിധാനം നടപ്പിലാക്കുന്നതിന്റെ ചെലവ് പദ്ധതിയുടെ അഡ്മിൻ ഫണ്ടിൽ നിന്നും വകയിരുത്താവുന്നതാണ് എന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

MISSION DIRECTOR